തുടർന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ച കായിക പരിശീലകർ, ജീവനക്കാർ എന്നിവർക്ക് പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ, ശമ്പള കമ്മീഷൻ കുടശിക, ക്ഷാമബത്ത, 2014നു ശേഷം സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ചവരുടെ റിട്ടയർമെന്റ്

ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് എം.എസ്.പവനൻ 3 പ്രമേയങ്ങൾ അവതരിപ്പിച്ചു.

30-34 വർഷക്കാലം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പരിശീലകരായും, ജീവനക്കാരായും കായിക മേഖലയുടെ ഉന്നതിക്കു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച് സംസ്ഥാനത്തിനും, ഭാരതത്തിനു തന്നെയും നേട്ടങ്ങൾ സമ്മാനിച്ച കായികതാരങ്ങളെ വാർത്തെടുക്കുന്നതിന് മുഖ്യ പങ്കു വഹിച്ച് സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതും, പെൻഷനോ, പെൻഷൻ ആനുകൂല്യങ്ങൾ, പത്താം ശമ്പള കമ്മീഷൻ കുടിശിഖ, ക്ഷാമബത്ത കുടിശ്ശിഖ, എന്നിവ ലഭിക്കാതെ കഷ്ടപ്പെടുന്നവരുമായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്കു ലഭിക്കേണ്ടതായ മുഴുവൻ ആനുകൂല്യങ്ങളും അടിയന്തിരമായി അനുവദിക്കുമാറാകണമെന്ന് ബഹു: കേരള മുഖ്യമന്ത്രി, ധനകാര്യ വകുപ്പു മന്ത്രി, കായിക വകുപ്പു മന്ത്രി എന്നിവരോട് അഭ്യർത്ഥിച്ചുകൊണ്ട് അവതരിപ്പിച്ച താഴെ കൊടുത്തിരിക്കുന്ന 2,3,4 എന്നീ പ്രമേയങ്ങൾ യോഗം ഐകകണ്ഠേന അംഗീകരിച്ചു.

## പ്രമേയം-02

### പ്രതിമാസ പെൻഷൻ എല്ലാ മാസവും ഒന്നാം തീയതി തന്നെ ലഭ്യമാക്കുക

എല്ലാ മാസവും ഒന്നാം തീയതി തോറും കൃത്യമായി പ്രതിമാസ പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന മുപ്പതും, മുപ്പത്തിനാലും വർഷത്തെ സേവനത്തിനു ശേഷം സ്പോർട്സ് കൗൺസിൽ സർവ്വീസിൽ നിന്നും വിരമിച്ച കായിക പരിശീലകർ, മിനിസ്റ്റിരിയൽ ജീവനക്കാർ എന്നിവർക്കുള്ള പെൻഷൻ അകാരണമായി വൈകുന്നു. 2023 ആഗസ്റ്റ് 1നു ലഭിക്കേണ്ടിയിരുന്ന പെൻഷൻ ആഗസ്റ്റ് 25 ആയിട്ടും ലഭിക്കാതെ വന്നപ്പോൾ തിരുവോണ നാളിൽ(ആഗസ്റ്റ്-29) കൗൺസിലിന്റെ വാതിൽക്കൽ കഞ്ഞി വച്ചു പ്രതിഷേധിക്കും എന്ന് അറിയിച്ചുകൊണ്ട് നോട്ടീസ് നൽകിയപ്പോൾ തിരുവോണത്തലേ ന്നായ ആഗസ്റ്റ് 28ന് പെൻഷൻ അനുവദിച്ചു.

സെപ്തംബർ മാസത്തിലെ പെൻഷൻ ഒക്ടോബർ-4നാണ് ലഭിച്ചത്. ഒക്ടോബർ 1ന് ലഭിക്കേണ്ടിയിരുന്ന പെൻഷൻ ഒക്ടോബർ 6-ലെ ഉപരോധ സമരത്തിനു ശേഷം ഒക്ടോബർ 13നു ലഭിച്ചു. മരുന്ന് നിത്യനിദാന ചെലവുകൾ എന്നിവക്കും മറ്റുമായി കഷ്ടപ്പെടുന്ന 200-ൽ ഏറെ പെൻഷൻകാരാണ് ഉള്ളത്. ഇവരുടെ കഷ്ടപ്പാടുകൾ മനസ്സിലാക്കിക്കൊണ്ട് കൃത്യമായി എല്ലാ മാസവും ഒന്നാം തീയതി തന്നെ പെൻഷൻ ലഭിക്കുന്നതിനുള്ള ഉത്തരവുണ്ടാകുമാറാകണമെന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക പൊതുയോഗം ബഹു: കേരള മുഖ്യമന്ത്രി, ധനകാര്യ വകുപ്പു മന്ത്രി, കായിക വകുപ്പു മന്ത്രി എന്നിവരോട് ഐക കണ്ഠേന അഭ്യർത്ഥിച്ചു തീരുമാനിച്ചു.

## പ്രമേയം-03

## പത്താം ശമ്പള കമ്മീഷൻ കുടിശിഖ, ക്ഷാമബത്ത കുടിശ്ശിഖ എന്നിവ അനുവദിക്കുക, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പാക്കുക.

ഇതര സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള കമ്മീഷൻ കുടിശിഖ അനുവദിക്കുകയും, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പാക്കുകയും

ചെയ്തിട്ടുണ്ട്. എന്നാൽ സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്കും, പെൻഷൻകാർക്കും നാളിതുവരെയും പത്താം ശമ്പള കമ്മീഷൻ കുടിശിഖ അനുവദിക്കുകയോ, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 18% വരുന്ന ക്ഷാമബത്ത കുടിശ്ശിഖയും നൽകിയിട്ടില്ല. സർക്കാരിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ച പെൻഷൻകാർ ഏറെ കഷ്ടത അനുഭവിക്കുന്നവരാണ്. മറ്റൊരു വരുമാന മാർഗ്ഗവുമില്ലാത്ത പെൻഷൻകാരെ അനുഭാവ പൂർവ്വം പരിഗണിച്ചുകൊണ്ട് അർഹമായ പത്താം ശമ്പള കമ്മീഷൻ കുടിശിഖയും, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകളും ക്ഷാമബത്ത കുടിശ്ശിഖയും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമാറാകണമെന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക പൊതുയോഗം ബഹു: കേരള മുഖ്യമന്ത്രി, ധനകാര്യ വകുപ്പു മന്ത്രി, കായിക വകുപ്പു മന്ത്രി എന്നിവരോട് ഐക കണ്ഠേന അഭ്യർത്ഥിച്ചു തീരുമാനിച്ചു.

## പ്രമേയം-04

## 2014നു ശേഷം സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ചവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

ഇരുപത്തിയെട്ടും മുപ്പതും വർഷത്തെ സേവനത്തിനു ശേഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സർവ്വീസിൽ നിന്നും 2014 മുതൽ വിരമിച്ച ജീവനക്കാർക്ക് യാതൊരുവിധ പെൻഷൻ ആനുകൂല്യങ്ങളും നാളിതുവരെയും ലഭിക്കുകയുണ്ടായിട്ടില്ല. പരാതിയുമായി സെക്രട്ടറിയെ സമീപിക്കുന്ന ജീവനക്കാരെ ഓരോരോ ന്യായങ്ങൾ പറഞ്ഞ് ഒഴിവാക്കി വിടുകയാണ്.

കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം വീടുപണി ബാങ്കു വായ്പ തുടങ്ങി ഒരോരോ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കണക്കു കൂട്ടി കണ്ടു വച്ചിട്ടുള്ള പെൻഷൻ തുകയാണ് അനിശ്ചിതമായി നീണ്ടുപോകുന്നത്. അത്യധികം ദുരിതമനുഭവിക്കുന്ന സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്ക് ലഭിക്കുവാനുള്ള പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും അനുവദിച്ചുനൽകിക്കൊണ്ട് പെൻഷൻകാരുടെ ദുരിതത്തിന് ഒരു ശാശ്വത പരിഹാരമുണ്ടാക്കണമെന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക പൊതുയോഗം ബഹു: കേരള മുഖ്യമന്ത്രി, ബഹു:ധനകാര്യ വകുപ്പു മന്ത്രി, ബഹു:കായിക വകുപ്പു മന്ത്രി എന്നിവരോട് ഐക കണ്ഠേന അഭ്യർത്ഥിച്ചു തീരുമാനിച്ചു.

തുടർന്ന് ചർച്ചകളിൽ പങ്കെടുത്തുകൊണ്ട്, പ്രസംഗിച്ച **ശ്രീ. സതിഷ്കുമാർ റ്റി**. 2014 മുതൽ പെൻഷൻ പറ്റിയ ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂലയങ്ങളും വിതരണം ചെയ്യാത്തതിനെ പരാമർശിച്ചുകൊണ്ടു സംസാരിച്ചു. സർക്കാരിനു സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുള്ളത് ഈ അടുത്ത കാലത്താണ്. എന്നാല 2014 മുതല പെൻഷൻ പറ്റിയ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് തടസ്സമായിരുന്നില്ല. പിന്നെ എവിടെയാണ് പിഴച്ചത്. കേരള സ്ടേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉത്തരവാദിത്തമില്ലായ്മ മൂലമാണ് പെൻഷൻകാരുടെ ആനുകൂല്യങ്ങൾ വൈകുന്നത്. യഥാസമയം പെൻഷൻ കണക്കുകൂട്ടി ബന്ധപ്പെട്ട രേഖകൾ സഹിതം സർക്കാരിലേക്ക് അയക്കുകയും, അതിന്റെ തുടർ ഇടപെടലുകളിലൂടെ സർക്കാരിൽ നിന്നും ആവശ്യമായ ഫണ്ട് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്നതുതന്നെയാണ് കാരണം. ഇപ്പോൾ പ്രതിമാസ പെൻഷന്റെ കാര്യത്തിലും ഇതു തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത് എന്നും ഇക്കാര്യത്തിൽ അസോസിയേഷൻ ശക്തമായ ഇടപെടൽ നടത്തണമെന്നും സതീശൻ പറഞ്ഞു.

തുടർന്ന് സംസാരിച്ച **ശ്രീ. പി.പി. പോൾ** വ്യക്തമായ മാനദണ്ഡം പാലിച്ചുകൊണ്ടല്ല പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നത് എന്നു പറഞ്ഞു. തിരുവനന്തപുരം മേഖലയിലുള്ളവരും കൗൺസിലുമായി കൂടുതൽ അടുപ്പമുള്ളവരുമായ ചിലർക്കു മുൻഗണന പാലിക്കാതെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നു, അതിനു മുൻപ് പെൻഷൻ പറ്റിയതും ആദ്യം ലഭിക്കേണ്ടവരുമായ ഞങ്ങളെ പോലെ അന്യ ജില്ലകളിലും ദൂര ദേശങ്ങളിലുള്ളവരും തഴയപ്പെടുന്നു. ഇതു അസോസിയേഷൻ മുൻകൈ എടുത്തു പരിശോധിക്കേണ്ടതാണ് എന്ന് ശ്രീ. പി.പി. പോൾ പറഞ്ഞു.

തുടർന്ന് **ബിനോയ് സി. ജെയിംസ്** ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി സ്പോർട്സ് കൗൺസിൽ പെൻഷൻകാർ മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കുമായി നിരവധി നിവേദനങ്ങൾ നൽകി കഴിഞ്ഞു. ഇത് തിരികെ കൗൺസിലിലേക്ക് വരുകയും, ഫണ്ടില്ല എന്നു മറുപടി നൽകി ഫയൽ മടക്കുന്ന നടപടിയാണ് ഇന്നു നടന്നുവരുന്നത്. എന്നാൽ ഫണ്ട് ലഭ്യമാകുന്നതിനുള്ള യാതൊരുവിധ നടപടികളും കൗൺസിലിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ല എന്നാണ് വിവരാവകാശ രേഖകൾ വ്യക്തമാക്കുന്നത്. ഇക്കാര്യങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിന് അസോസിയേഷൻ അടിയന്തിരമായി ഇടപെടണം.

**ശ്രീ. പി.കെ. രാജീവ്** ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചു. പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത ഏതാനും ജീവനക്കാർ രണ്ടുമൂന്ന് ഗ്രൂപ്പുകളായി കോടതിയെ സമീപിക്കുകയും, അനുകൂലവിധി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അരഹമായ മുഴുവൻ തുകയും നൽകിയിട്ടില്ല. ആയതിനാൽ മുഴുവൻ പെൻഷനർമാർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി മുഴുവൻ അംഗങ്ങൾക്കുമായി അസോസിയേഷൻ കോടതിയെ സമീപിക്കണമെന്നും, ആയതിന് മുഴുവൻ അംഗങ്ങളും അസോസിയേഷനോടൊപ്പം സഹകരിക്കുന്നതാണെന്നും പറഞ്ഞു. ആയതിലേക്കായി എറണാകുളം ഭാഗത്ത് ഒരു മീറ്റിംഗ് ചേർന്നാൽ അതേ മീറ്റിംഗിൽ തന്നെ തീരുമാനമെടുക്കാനും, തുടർന്ന് വക്കാലത്തു നൽകുവാനും കഴിയും. കൂടാതെ അംഗങ്ങളുടെ വരിസംഖ്യരേഖപ്പെടു ത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും, ആ രജിസ്റ്റർ പരിശോധിച്ചാൽ

ആരൊക്കെ വരിസംഖ്യ തന്നുവെന്നും, ആർക്കൊക്കെ കുടിശികയുണ്ടെന്നും അറിയാൻ കഴിയും. ഇത് അടിയന്തിരമായി നടപ്പിലാക്കണം.

തുടർന്ന് **ശ്രീ. സി. ജയൻ** ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. പെൻഷൻകാരുടെ ആനുകൂല്യങ്ങളും, പ്രതിമാസ പെൻഷനും മുടങ്ങുന്നത് വളരെ ആശങ്ക പെടുത്തുന്നുവെന്നും, ഇത് ഇനിയും തുടരുന്ന പക്ഷം, ഗവർണർക്കു പരാതി സമർപ്പിച്ച് പരിഹാരത്തിനു ശ്രമിക്കണമെന്ന് പ്രസിഡന്റിനോടും, സെക്രട്ടറിയോടും ശ്രീ. ജയൻ അഭ്യർത്ഥിച്ചു. മുൻപൊക്കെ കൗൺസിലിൽ ചെന്നാൽ വിവരങ്ങൾ അറിയാൻ മാർഗ്ഗങ്ങൾ ഉണ്ടായിരുന്നുവെന്നും, ഇന്നതില്ല എന്നും ജയൻ പറഞ്ഞു. പെൻഷൻ ആനുകൂലയങ്ങൾക്കായി 18 കോടി രൂപ വേണ്ടിവരുമെന്നും ആയത് 6 കോടി വീതമുള്ള മൂന്നു ഗഡുക്കളായി സരക്കാരിൽ നിന്നും അനുവദിക്കുമെന്നു കേൾക്കുന്നതായും ശ്രീ. ജയൻ പറഞ്ഞു.

**ശ്രീ.പി.കെ. മുഹമ്മദ് അലി** : പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി ബഹു പി.കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ മുഖേന ഫൈനാൻസ് വകുപ്പിനു കത്തു നൽകിയതായും, അതിൻ പ്രകാരം സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ പത്താം ശമ്പള കമ്മീഷൻ കുടിശികയും, പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനായി എത്ര രൂപ വേണ്ടിവരുമെന്ന് കൃത്യമായി കണക്കുകൂട്ടി അറിയിക്കുവാൻ ആവശ്യപ്പെട്ട് ഫൈനാൻസ് വകുപ്പ് കായിക വകുപ്പിനോട് ആവശ്യപ്പെട്ട സാഹചര്യത്തിൽ കായിക വകുപ്പിൽ നിന്നും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്കു കത്തു നൽകിയെന്നും, കൗൺസിലിൽ നിന്നും 10 കോടി 73 ലക്ഷം രൂപ ലഭിച്ചാൽ മുഴുവൻ കുടിശികയും കൊടുത്തു തീർക്കാൻ തികയുമെന്നും കാണിച്ച് മറുപടി നൽകിയതായും, ഇപ്പോൾ ഫൈനാൻസ് വകുപ്പിൽ പ്രസ്തുത കത്ത് പരിഗണനക്കായി എത്തിയിട്ടുണ്ടെന്നും ശ്രീ. പി.കെ. മുഹമ്മദ്ആലി പറഞ്ഞു.

റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കണക്കു കൂട്ടി നിർണ്ണയിക്കുവാൻ അറിവുള്ള ജീവനക്കാർ ഇന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ഇന്ന് ഇല്ല എന്നത് ഏറെ ദൗർഭാഗ്യകരമാണ് എന്ന് ശ്രീ. രാധാകൃഷ്ണൻ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു സംസാരിച്ചു. ശ്രീ. ബാലചന്ദ്രൻ നായരും, മുരളിയുമൊക്കെ ചേർന്നായിരുന്നു പെൻഷൻ തുക കണക്കുകൂട്ടിയിരുന്നത്. ഇപ്പോഴുള്ള ജീവനക്കാർ കണക്കു കൂട്ടിയതിൽ പിശക് സംഭവിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് ആയത് അസോസിയേഷൻ ഇടപെട്ട് പരിശോധന നടത്തുവാൻ തയ്യാറാവേണ്ടതാണ് എന്ന് ശ്രീ. രാധാകൃഷ്ണൻ പറഞ്ഞു.

എല്ലാ പെൻഷൻകാരും ഒരുമിച്ചു നിന്നുകൊണ്ട് നമ്മുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകണമെന്നും, സർക്കാരിൽ നിന്നും രാഷ്ട്രീയമായ സമ്മർദ്ദങ്ങൾ ഉപയോഗിച്ചിട്ടും നടക്കുന്നില്ലെങ്കിൽ കോടതി വഴി നീങ്ങുന്നതിനെകുറിച്ചും നാം ആലോചിക്കണമെന്ന് പി.എച്. ബീരാൻകുട്ടി ചർച്ചയിൽ പങ്കെടുത്തുകൊണ്ടു പറഞ്ഞു.

പെൻഷൻ കുടിശികക്കുമാത്രമായി പന്ത്രണ്ടര കോടി രൂപ വേണമെന്നും പത്താം ശമ്പള കമ്മീഷൻ കുടിശികക്കും മറ്റുമായി അഞ്ചര കോടി രൂപ വേറെയും വേണം. ആകെ 18 കോടി രൂപയുണ്ടെങ്കിൽ മാത്രമെ പെൻഷൻ കാരുടെ ആകെ കുടിശികകൾ കൊടുത്തു തീർക്കുവാൻ സാധിക്കുകയുള്ളുവെന്നും ശ്രീ. രാമചന്ദ്രൻ നായർ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു സംസാരിച്ചു.

തുടർന്ന് അടുത്ത 5 വർഷത്തേക്കുള്ള ഔദ്യോഗിക ഭാരവാഹികളുടെ തെരഞ്ഞെടുപ്പാണെന്ന് അദ്ധ്യക്ഷൻ അറിയിച്ചു. ഇലക്ഷൻ നടപടികൾ സുതാര്യമായി നടത്തുന്നതിനായി ശ്രീ. കൃഷ്ണകുമാറിനെ റിട്ടേർണിംഗ് ആഫീസറായി നിയമിച്ചതായി അദ്ധ്യക്ഷൻ അറിയിച്ചു.

ശ്രീ. കൃഷ്ണകുമാർ റിട്ടേർണിംഗ് ആഫീസറുടെ ചുമതല ഏറ്റെടുക്കുകയും, ഇലക്ഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തു.

2023 മുതൽ 5 വർഷത്തേക്കുള്ള ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുക്കു ന്നതിനായി നാമ നിർദ്ദേശങ്ങളോ, പാനലുകളൊ അവതരിപ്പിക്കാവുന്നതാണെന്ന് അറിയിച്ചു.

തുടർന്ന് ടി സതീഷ് കുമാർ മുഴുവൻ ഔദ്യോഗിക ഭാരവാഹികളുടെയും പേരുവിവരങ്ങളടങ്ങിയ ഒരു പാനൽ വായിച്ചവതരിപ്പിച്ചു. എം.എസ്. പവനൻ പാനലിനെ പിൻതുണച്ചു. മറ്റു പാനലുകളോ നാമ നിർദ്ദേശങ്ങളോ ഉണ്ടോ എന്ന് റിട്ടേർണിംഗ് ആഫീസർ ചോദിച്ചു. മറ്റു പാനലുകളോ, നാമ നിർദ്ദേശങ്ങളോ നൽകുകയുണ്ടായില്ല.
ആയതിനാൽ ടി.സതീഷ്കുമാർ അവതരിപ്പിച്ചതും, എം.എസ്. പവനൻ പിന്താങ്ങിയതുമായ പാനൽ അംഗീകരിച്ചതായി റിട്ടേർണിംഗ് ആഫീസർ കൃഷ്ണകുമാർ അറിയിച്ചു. എല്ലാ അംഗങ്ങളും കയ്യടിച്ച് ഭാരവാഹികളെ അനുമോദിച്ചു.

**ഔദ്യോഗിക ഭാരവാഹികൾ:**

| | |
|---|---|
| 1പ്രസിഡന്റ് | : പി അനിലാൽ |
| 2.വൈസ്-പ്രസിഡന്റുമാർ: | 1.ശ്രീ. കരുണാകരൻ തമ്പി,<br>2.ശ്രീമതി അന്നമ്മ ടൈറ്റസ്,<br>3.ശ്രീ. എൻ. ലോറൻസ്,<br>4.ശ്രീ. ബാലചന്ദ്രന നായർ<br>5. ശ്രീമതി എസ്.എസ്. താര |
| 3. സെക്രട്ടറി | ശ്രീ. ജി. സുരേഷ് |
| 4. ജോയിന്റ് സെക്രട്ടറിമാർ: | 1.ശ്രീ. എസ്. കെ. ജവഹർ<br>2.ശ്രീ. സി. ജയൻ |
| 5. ട്രഷറർ | ശ്രീ. കെ. രാജീവൻ |
| 6. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ: | 1. ശ്രീ. എസ്. ശശിധരൻ നായർ<br>2. ശ്രീ. പി.കെ. രാജീവ്<br>3.ശ്രീ.കെ.വി.മുരളീധരൻ നായർ<br>4.ശ്രീമതി. റ്റി.എ. താരാദേവി.<br>5.ശ്രീ. ബാബുചന്ദ്രൻ നായർ. |

തുടർന്ന് പുതിയ ഭാരവാഹികൾ ചുമതലയേൽക്കുകയും മിനിട്സ് ബുക്കിൽ ഒപ്പു വക്കുകയും ചെയ്തു. ശ്രീ. എൻ. ലോറൻസ് നന്ദി രേഖപ്പെടുത്തി.

യോഗനടപടികൾ 1.30ന് സമാപിച്ചു.

| | |
|---|---|
| **പി അനിലാൽ**<br>പ്രസിഡന്റ് | **സി. ജയൻ**<br>സെക്രട്ടറി |

## പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക റിപ്പോർട്ട്-2023-24

**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷന്റെ 2023-24-ലെ വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കുകളും അംഗങ്ങളുടെ അറിവിലേക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.**

2023 നവംബർ 17 വെള്ളിയാഴ്ച പകൽ 11 മണിക്ക് തിരുവനന്തപുരം വൈ.എം.സി.എ. ഹാളിൽ വച്ചു പ്രസിഡന്റ് ശ്രീ. പി. അനിലാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ വാർഷിക പൊതുയോഗത്തചന്റ 2023 മുതൽ 2 വർഷത്തേക്കുള്ള ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുത്തു

### ഔദ്യോഗിക ഭാരവാഹികൾ:

| | |
|---|---|
| 1പ്രസിഡന്റ് | : പി അനിലാൽ |
| 2.വൈസ്-പ്രസിഡന്റുമാർ: | 1.ശ്രീ. കരുണാകരൻ തമ്പി,<br>2.ശ്രീമതി അന്നമ്മ ടൈറ്റസ്,<br>3.ശ്രീ. എൻ. ലോറൻസ്,<br>4.ശ്രീ. ബാലചന്ദ്രന നായർ<br>5. ശ്രീമതി എസ്.എസ്. താര |
| 3. സെക്രട്ടറി | ശ്രീ. ജി. സുരേഷ് (17-02-2024 വരെ)<br>ശ്രീ. സി. ജയൻ (17-02-2024 മുതൽ) |
| 4. ജോയിന്റ് സെക്രട്ടറി: | .ശ്രീ. എസ്. കെ. ജവഹർ |
| 5. ട്രഷറർ | ശ്രീ. കെ. രാജീവൻ |
| 6. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ: | 1.ശ്രീ. എസ്. ശശിധരൻ നായർ<br>2 ശ്രീ. പി.കെ. രാജീവ് (14-02-2024 വരെ)<br>3.ശ്രീ.കെ.വി.മുരളീധരൻ നായർ<br>4.ശ്രീമതി. റ്റി.എ. താരാദേവി.<br>5.ശ്രീ. ബാബുചന്ദ്രൻ നായർ. |

## കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ച ജീവനക്കർക്ക് സ്ഥിരമായി പെൻഷൻ മുടങ്ങുന്നു

കഴിഞ്ഞ കുറെ മാസങ്ങളായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ അകാരണമായി വൈകുന്നു. ആഗസ്റ്റ് മാസം ഒന്നാം തീയതി ലഭിക്കേണ്ടിയിരുന്ന പെൻഷൻ ആഗസ്റ്റ് 25ആം തീയതി ആയിട്ടും ലഭിച്ചില്ല. തുടർന്ന് ആഗസ്റ്റ് 29 തിരുവോണനാളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു മുൻപിൽ കഞ്ഞി വച്ചു പ്രതിഷേധിക്കുവാൻ തീരുമാനിച്ചുകൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്കു കത്തു നൽകിയതിനു ശേഷം ആഗസ്റ്റ് 28ന് ആണ് പെൻഷൻ തുക അനുവദിച്ചത്.

2014നു ശേഷം സർവ്വീസിൽ നിന്നും വിരമിച്ച കൗൺസിൽ ജീവനക്കാരുടെ ടെർമിനൽ സറണ്ടർ, കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി പത്താം ശമ്പള കമ്മീഷൻ കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്തതിനാൽ ഇവർ ബഹു: കേരള ഹൈക്കോടതിയെ സമീപിക്കുകയും, 2 മാസങ്ങൾക്കുള്ളിൽ ടി തുക നൽകുവാൻ കോടതി ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും മേൽ നടപടികൾ സ്വീകരിക്കുകയുണ്ടായില്ല. കൗൺസിലിന്റെ നിരുത്തരവാദപരമായ അനാസ്ഥയിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ യോഗം ചേർന്ന് ശക്തമായി പ്രതിഷേധിച്ചു. പെൻഷനേഴ്സ് അസോസിയേഷൻ ഉന്നയിച്ചിട്ടുള്ള സ്പോർട്സ് കൗൺസിൽ പെൻഷൻകാരുടെ ന്യായമായ ആവശ്യങ്ങൾ സമയബന്ധിതമായി പരിഹരിക്കാത്ത പക്ഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു മുൻപിൽ ശക്തമായ സമരപരിപാടികൾ സംഘടിപ്പിക്കുന്നതാണെന്ന് പെൻഷനേഴ്സ് അസോസിയേഷൻ പ്രസിഡന്റ് .ശ്രീ. പി. അനിലാലും സെക്രട്ടറി .ശ്രീ. ജി. സുരേഷും സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

**ഉപരോധ സമരം**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും ദീർഘകാലത്തെ സേവനത്തിനു ശേഷം വിരമിച്ചപരിശീലകർ, ജീവനക്കാർ എന്നിവരുടെ പെൻഷൻ ആനുകൂല്യങ്ങൾ , ഒമ്പതാം ശമ്പള കമ്മീഷൻ കുടിശിക, പത്താം ശമ്പള കമ്മീഷൻ ആനുകൂല്യങ്ങൾ, ക്ഷാമബത്താ കുടിശിക പ്രതിമാസ പെൻഷൻ എന്നിവ ലഭിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് പെൻഷനേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആഫീസ് ഉപരോധിച്ചു. ഉപരോധ സമരം ഒളിമ്പ്യൻ ഓമനകുമാരി ഉത്ഘാടനം ചെയ്തു. **സ്പോർട്സ് കൗൺസിൽ പെൻഷൻകാരിൽ ഭൂരിപക്ഷം പേരുടെയും സ്ഥിതി അതീവ ദയനീയമണ്. കിഡ്നി രോഗികളും, കരൾ രോഗികളും, ഹൃദയ രോഗികളും മാത്രമല്ല, കാൻസർരോഗികളും, പ്രമേഹ രോഗികളുമുണ്ട്. പെൻഷൻ കൊണ്ടു മാത്രം നിത്യ നിദാന ചെലവുകൾ നടത്തി ആശുപത്രിയും മരുന്നുമായി കഴിയുന്നവരാണ് ഭൂരിപക്ഷം പേരും. പെൻഷൻ ലഭിക്കാത്തതിനാൽ ബാങ്ക് ലോൺ അടക്കുവാൻ കഷ്ടപ്പെടുന്നവരുമുണ്ട്. ഇതുമാത്രമല്ല, വാടകക്കുതാമസിക്കുന്ന പെൻഷൻകാരുടെ കാര്യം അതിലേറെ ദയനീയമാണ്. രണ്ടുമാസമായി വാടക കുടിശിക വന്നിരിക്കുന്ന ഇവർ അവരുടേതല്ലാത്ത കുറ്റംകൊണ്ട് ഉടൻ തെരുവിലേക്കിറങ്ങേണ്ട അവസ്ഥയാണ് വന്നിരിക്കുന്നത് എന്നും, ഇവരിൽ പലരേയും ഒരു കായികതാരം കൂടിയായ തനിക്ക് നേരിട്ടറിയാവുന്നതാണെന്നും ഉപരോധസമരം ഉത്ഘാടനം ചെയ്തുകൊണ്ട് ശ്രീമതി ഒളിമ്പ്യൻ ഓമനകുമാരി പറഞ്ഞു.**

പ്രസിഡന്റ് .ശ്രീ. പി. അനിലാൽ അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി .ശ്രീ. ജി.സുരേഷ്, എം.എസ്.പവനൻ, ജി.ശ്രീകുമാർ, ശശിധരൻ നായർ, സതീഷ്കുമാർ ടി, ജയൻ സി, അന്നമ്മ ടൈറ്റസ്, പി.പി. തോമസ് തുടങ്ങിയവർ സംസാരിച്ചു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്രധാന കവാടവും, സെൻട്രൽ സ്റ്റേഡിയത്തിലേക്കുള്ള കവാടവുമാണ് രാവിലെ 7.30 മുതൽ ഉപരോധിച്ചത്. ഇരുനൂറോളം സ്പോർട്സ് കൗൺസിൽ പെൻഷൻകാർ ഉപരോധ സമരത്തിൽ പങ്കെടുത്തു. പിന്നീട് ഉപരോധ സമരത്തിൽ പങ്കെടുത്തവരെ അറസ്റ്റു ചെയ്തു നീക്കി.

## എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ:

ഈ ഭരണസമിതി അധികാരമേറ്റതിനു ശേഷം ഫിസിക്കലായി 7 എക്സിക്യൂട്ടീവ് യോഗങ്ങളും, ഓൺലൈനായി 3 എക്സിക്യൂട്ടീവ് യോഗങ്ങളും ചേർന്നു. ടി യോഗങ്ങളിലെല്ലാം പ്രതിമാസ പെൻഷൻ വൈകുന്നതും, സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാതെ അനിശ്ചിതമായി നീളുന്നതും, പത്താം ശമ്പള കമ്മീഷൻ കുടിശിക അനുവദിക്കാത്തതും, പതിനൊന്നാം ശമ്പള കമ്മീഷൻ ആനുകൂല്യങ്ങൾ നടപ്പിലാക്കാത്തതും വിശദമായി ചർച്ചചെയ്തു. യോഗ തീരുമാനപ്രകാരം മുഖ്യ മന്ത്രി, കായിക വകുപ്പു മന്ത്രി, ധനകാര്യ വകുപ്പു മന്ത്രി, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് നിവേദനങ്ങളും, ഓർമ്മക്കുറിപ്പുകളും നിരവധി പ്രാവശ്യം നൽകിയിട്ടുള്ളതും, അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടിട്ടുള്ളതുമാണ്.

**സെക്രട്ടറിയുടെ രാജി**

17-02-2024-ൽ ചേർന്ന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ വച്ച് അന്ന് സെക്രട്ടറിയായിരുന്ന ശ്രീ. ജി സുരേഷ് സെക്രട്ടറി സ്ഥാനത്തു നിന്നും സ്വമേധയാ ഒഴിവാവുകയാണെന്ന് അറിയിച്ചുകൊണ്ട് രാജി സമർപ്പിക്കുകയും, കമ്മിറ്റി രാജി സ്വീകരിക്കുകയും ചെയ്തു. സെക്രട്ടറിയുടെ മുഴുവൻ ചുമതലയും ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീ. സി. ജയൻ അവർകൾക്കു നൽകുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചു. തുടർന്ന് ശ്രീ. സി. ജയൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷന്റെ സെക്രട്ടറിയായി ചുമതല ഏൽക്കുകയും, സെക്രട്ടറിയായി പ്രവർത്തിച്ചുവരികയുമാണ്.

**കത്തിടപാടുകൾ:**

2023-24 കാലയളവിൽ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് 45 കത്തിടപാടുകൾ നടത്തിയിട്ടുള്ളതും, അതിൽ ഭൂരിഭാഗവും പെൻഷൻ ആവശ്യവുമായി ബന്ധപ്പെട്ടിട്ടുള്ളതുമാകുന്നു.

## മുഖ്യ മന്ത്രി, കായിക വകുപ്പു മന്ത്രി, ധനകാര്യ വകുപ്പു മന്ത്രി, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് നിവേദനങ്ങൾ നൽകി.

ഇതര സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള കമ്മീഷൻ കുടിശിഖ അനുവദിക്കുകയും, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്കും, പെൻഷൻകാർക്കും നാളിതുവരെയും പത്താം ശമ്പള കമ്മീഷൻ കുടിശിഖ അനുവദിക്കുകയോ, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 18% വരുന്ന ക്ഷാമബത്ത കുടിശ്ശിഖയും നൽകിയിട്ടില്ല. എന്തിനധികം പറയുന്നു, 2 മാസം മുൻപ് അനുവദിച്ച 2 ശതമാനം ക്ഷാമബത്ത പോലും സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കോ, പെൻഷൻകാർക്കോ നാളിതുവരെയും അനുവദിച്ചിട്ടില്ല. സർക്കാരിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ച പെൻഷൻകാർ ഏറെ കഷ്ടത അനുഭവിക്കുന്നവരാണ്. ഒരു പുരുഷായുസ്സു മുഴുവൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു വേണ്ടി രാവും പകലുമില്ലാതെ

കഠിനമായി ജോലി ചെയ്ത് ദേശീയ-അന്തർദ്ദേശീയ- ഒളിമ്പിക് താരങ്ങളെ വാർത്തെടുത്ത് കേരളത്തിന്റെ യശ്ശസ് അന്തർദ്ദേശീയ തലത്തിൽ ഉയർത്തി സർവ്വീസിൽ നിന്നും വിരമിച്ച കായിക പരിശീലകരിലും, ജീവനക്കാരിലും പലരും ഇന്ന് കിടപ്പു രോഗികളും വീൽ ചെയറിനെ ആശ്രയിച്ച് സഞ്ചരിക്കുന്നവരുമാണ്. ഇവരിൽ കാൻസർ രോഗികളും, കരൾ രോഗികളും, കിഡ്നി രോഗികളുമുണ്ട്. അവരുടെ മരുന്നുകൾക്കും, നിത്യ നിദാന ചെലവുകൾക്കും പെൻഷൻ മാത്രമാണ് ആശ്രയം. മറ്റൊരു വരുമാന മാർഗ്ഗവുമില്ലാത്ത പെൻഷൻകാരെ അനുഭാവ പൂർവ്വം പരിഗണിച്ചുകൊണ്ട് അർഹമായ പത്താം ശമ്പള കമ്മീഷൻ കുടിശിഖയും, പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശകളും ക്ഷാമബത്ത കുടിശ്ശിഖയും അനുവദിച്ചുകൊണ്ട് മുടങ്ങാതെ പ്രതിമാസ പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

ബഹു: മുഖ്യമന്ത്രി, കായിക വകുപ്പു മന്ത്രി, ധനകാര്യ വകുപ്പു മന്ത്രി, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് അപേക്ഷകൾ നൽകിയിട്ടുള്ളതാണ്.

### സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും നേതൃത്വത്തിൽ 2024 സെപ്തംബർ 4നു ഹിയറിംഗ് നടത്തി.

പെൻഷൻ മുടങ്ങുന്നതും പെൻഷൻ ആനുകൂല്യങ്ങൾ വൈകുന്നതുമായി ബന്ധപ്പെട്ട് പ്രസിഡന്റിനും സെക്രട്ടറിക്കും നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 2024 സെപ്തംബർ 4ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആഫീസിൽ വച്ച് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഹിയറിംഗ് നടത്തുകയുണ്ടായി. പെൻഷനേഴ്സ് അസോസിയേഷന്റെ ഭാഗത്തു നിന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. 2ആഴ്ചക്കകം പ്രശനങ്ങൾക്ക് പരിഹാരമുണ്ടാക്കുമെന്ന് തീരുമാനിച്ചെങ്കിലും 2 മാസമായിട്ടും തീരുമാനമുണ്ടായില്ലെന്നു മാത്രമല്ല പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാവുകയാണ് ചെയ്തിരിക്കുന്നത്.

### 01-07-2014, 01-07-2019 - പേ റിവിഷൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ബഹു: കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള പെറ്റീഷനിൽ മുഴുവൻ പെൻഷൻ അംഗങ്ങൾക്കും ലഭിക്കുവാനുള്ള എല്ലാ റിട്ടയർമെന്റ് ആനുകൂല്യങ്ങളും 01-07-2014-ലും 01-07-2019 ലും സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പേ റിവിഷൻ പ്രകാരമുള്ള ആനുകൂല്യങ്ങളും യഥാസമയം സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്ക് ലഭിക്കാതെ വർഷങ്ങൾ പലതു നീണ്ടു പോയതിനാൽ ബഹു: ഹൈക്കോടതിയെ സമീപിക്കുകയും, സ്പോർട്സ് കൗൺസിൽ പെൻഷൻകാരുടെ മുഴുവൻ ആനുകൂല്യങ്ങളും 2024 സെപ്തംബർ 28നു മുൻപായി നൽകണമെന്ന് 2024 ജൂൺ 28നു ബഹു: ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

കോടതി വിധി നടപ്പിലാക്കേണ്ടതായ കാലപരിധിയായ സെപ്തംബർ 28 കഴിഞ്ഞിട്ടും ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട യാതൊരു വിധ നടപടിയും സ്പോർട്സ് കൗൺസിലിന്റെ ഭാഗത്തു നിന്നും സ്വീകരക്കാത്തതിനാൽ ഒക്ടോബറിൽ ഈ വിവരം കാണിച്ച് ബഹു: കോടതി വിധിയുടെ പകർപ്പു സഹിതം ബഹു: കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

സെക്രട്ടറിക്കു കത്തു നൽകിയിട്ടുള്ളതുമാകുന്നു. ഇനിയും കോടതി വിധി നടപ്പിലാക്കുന്നതിൽ അകാരണമായി കാലതാമസം നേരിട്ടാൽ കോടതി അലക്ഷ്യ നടപടികളിലേക്ക് പോകേണ്ടി വരുമെന്ന സൂചനയും കത്തിൽ ഉൾപ്പെടുത്തിയിരുന്നു.

**മുണ്ടക്കൈ-ചൂരൽമല ദുരിതാശ്വാസനിധിയിലേക്ക് ധനസഹായം നൽകി.**

2024 ജൂലൈ 31നുണ്ടായ വയനാട്ടിലെ മുണ്ടക്കൈ , ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ വീടും, കൃഷിയും, ഉറ്റവരേയും നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്ന നമ്മുടെ സഹജീവികൾക്ക് സഹായമെത്തിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷന്റെ പേരിൽ 1 ലക്ഷം രൂപയുടെ ധനഹായം നൽകി. പെൻഷനേഴ്സ് അസോസിയേഷൻ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ബഹു: കായിക വകുപ്പു മന്ത്രിയുടെ ആഫീസിലെത്തി 1 ലക്ഷം രൂപയുടെ ചെക്ക് അദ്ദേഹത്തിനു കൈമാറി.

ധനസഹായം നൽകുന്നതിനായി പെൻഷനേഴ്സ് അസോസിയേഷന്റെ ഗ്രൂപ്പിലൂടെ ആവശ്യപ്പെട്ടപ്പോൾ പെൻഷൻ കിട്ടാതിരുന്നിട്ടും യാതൊരുവിധ സങ്കോചവും കൂടാതെ ചുരുങ്ങിയ ദിവസംകൊണ്ട് തുക നൽകി സഹകരിച്ച മുഴുവൻ അംഗങ്ങളുടെയും മഹാമനസ്കതയെ ബഹു: കായിക വകുപ്പു മന്ത്രി അഭിനന്ദിച്ചു.

## www.keralasportscouncilpensioners.org എന്നപേരിൽ വെബ്ബ് സൈറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചു

സ്പോർട്സ് കൗൺസിൽ ജീവനക്കാരുടെ വിഷമതകൾ സർക്കാർ മേഖലയിലും, കായിക മേഖലയിലുമുള്ളവരും, പൊതുജനസമൂഹവും അറിയുന്നതിനു വേണ്ടി ഒരു വെബ്ബ്സൈറ്റ് തുടങ്ങുന്നതിനു പെൻഷനേഴ്സ് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചതനുസരിച്ച് **www.keralasportscouncilpensioners.org** എന്നപേരിൽ വെബ്ബ് സൈറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളതും വെബ്ബ് സൈറ്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

## നന്ദി


പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയ ആവശ്യവുമായി കായിക വകുപ്പു മന്ത്രിയുടെയും , ധനകാര്യ വകുപ്പു മന്ത്രിയുടെയും ആഫീസുകളെ സമീപിക്കുമ്പോൾ വളരെ അനുഭാവ പൂർവ്വം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുള്ള ഗവൺമെന്റ് സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ, സ്പോർട്സ് കൗൺസിൽ ആഫീസിൽ ചെല്ലുമ്പോൾ തികഞ്ഞ ആത്മാർത്ഥതയോടെ പെരുമാറുന്ന ആദരണീയരായ പ്രസിഡന്റ്,വൈസ്-പ്രസിഡന്റ്, സെക്രട്ടറി, തുടങ്ങിയവരോടുമുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷനേഴ്സ് അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ എന്റെ ചുമതല വളരെ കൃത്യമായും സത്യസന്ധമായും, ഉത്തരവാദിത്തത്തോടും കൂടി നിർവ്വഹിച്ചു കൊണ്ടു പോകുവാൻ എന്നോട് ആത്മാർത്ഥമായി സഹകരിച്ച ആദരണീയനായ പ്രസിഡന്റ്, ട്രഷറർ, മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, വിവിധ ജില്ലകളിൽ നിന്നും എന്നെ മൊബൈൽ ഫോണിൽ വിളിച്ച് നിർദ്ദേശങ്ങൾ നൽകുകയും, പിന്തുണ നൽകുകയും, ചെയ്തിട്ടുള്ള മുഴുവൻ പെൻഷനേഴ്സ് അംഗങ്ങൾ എന്നിവർക്കും ആത്മാർത്ഥമായി നന്ദി രേഖപ്പെടുത്തുന്നു.

എല്ലാ അംഗങ്ങളും നാളിതുവരെ നൽകി വന്നിരുന്ന സഹായ സഹകരണം തുടർന്നും നൽകുമാറാകണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.



**പി. അനിലാൽ**
പ്രസിഡന്റ്
കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
പെൻഷനേഴ്സ് അസോസിയേഷൻ



**സി. ജയൻ**
സെക്രട്ടറി
കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
പെൻഷനേഴ്സ് അസോസിയേഷൻ

## KERALA STATE SPORTS COUNCIL PENSIONERS ASSOCIATION

## RECEIPT AND PAYMENT FOR 1/10/2023 TO 30/09/2024

| S/No | Receipt | Amount | S/No | Payment | Amount |
|---|---|---|---|---|---|
| 1 | Opening Balance | | 1 | Gen body Dharna | 11274.00 |
| | (a) Cash in Bank = 9875/- | 43949.00 | 2 | DTP | 4964.00 |
| | (b) Cash in Hand = 34074/- | | 3 | Photo copy | 427.00 |
| 2 | Subscription details 01/10/2023 to 07/08/2024 | | 4 | Flex Printing | 2435.00 |
| | (a)Receipt No 459 to 699 = 64502/- | | 5 | Stationary Letterpad | 1575.00 |
| | (b) Welfare Fund = 2000/- | 67002.00 | 6 | Badge | 2600.00 |
| | © Registration = 500/- | | 7 | YMCA HALL | 5040.00 |
| 3 | Bank Interest SBI Tvpm | 3561.00 | 8 | Office Rent | 7200.00 |
| 4 | Donation | 106503.00 | | Photographer | 3000.00 |
| 5 | **KSSCE Co Op Society Interest** For FD KSSC Employs Co Op Society interest @ | 67500.00 | 9 | Lunch/ Breakfast | 2700.00 |
| 6 | Cash Depposit | 70180.00 | 10 | Postage | 1515.00 |
| | | | 11 | Press Club | 1500.00 |
| | | | | Welfare Assistatnt | 20000.00 |
| | | | | Wreath | 1000.00 |
| | | | | Chief Minister Relief Fund | 100000.00 |
| | | | | Auto charges | 1750.00 |
| | | | | Hotel Poorna | 5250.00 |
| | | | | Tea Water | 1480.00 |
| | | | | Memento/ SHAWL | 3389.00 |
| | | | | TA Office | 1400.00 |
| | | | | Bank Charge | 118.00 |
| | | | | Cash in Hand | 3495.00 |
| | | | | Cash in Bank as on 30/09/2024 | 176583.00 |
| | **Total As on 30/09/2024** | **358695.00** | | **Total As on 30/09/2024** | **358695.00** |

## BALANCE SHEET

| Sl No | LIABILTIES | AMOUNT | Sl No | ASSETS | AMOUNT |
|---|---|---|---|---|---|
| 1 | | Nill | 1 | (a) FD in KSSC Employees Co - Op Society | 750000.00 |
| | TOTAL | | | TOTAL | 750000.00 |

**SECRETARY:**
(Jayan C)

**PRESIDENT:**
(Anilal P)

**TREASURER:**
(Rajeevan K)

KERALA STATE SPORTS COUNCIL PENSIONER'S ASSOCIATION
THIRUVANANTHAPURAM
K.S.S.C.P.A

**AUDITOR 1 :**
(G Sreekumar)

**AUDITOR 2 :**
(Shaji P Mohammed)

# 2023 നവംബർ 17 നു ചേർന്ന KSSCPA വാർഷിക പൊതുയോഗത്തിൽ നിന്നും.







